ലൂക്കാ 2:1- 5

ഡിസംബർ 18: യൽദായ്ക്കു മുമ്പുള്ള ഞായർ

ഭാഷ്യം

I. സന്ദർഭം

ചരിത്രത്തെ നിർണ്ണായകമായി നിർവചിക്കുന്ന യേശുവിന്റെ ജനനവിവരണം, മനുഷ്യൻ കേട്ട ഏറ്റവും വലിയ സദ്വാർത്തയാണ്. യോഹന്നാനും യേശുവും സമാന്തര വ്യക്തിത്വങ്ങളായിരുന്നു എന്ന സൂചനബാല്യകാല വിവരണം മുതൽ നാം യോഹന്നാന്റെ ജനന അറിയിപ്പും യേശുവിന്റെ ജനന അറിയിപ്പും, കഴിഞ്ഞ് യോഹന്നാന്റെ പിറവിയും, പ്രതികരണങ്ങളും രേഖപ്പെടുത്തപ്പെട്ടു (ലൂക്കാ 1:5-7). തുടർന്ന് ഒറ്റ വചനത്തിലൂടെ യോഹന്നാന്റെ വ്യക്തിത്വവും ജീവിതശൈലിയും അനാവരണം ചെയ്തു (1:80). തുടർന്നാണ് യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള ഇന്നത്തെ വചനഭാഗം (ലൂക്കാ 2:1-7). ഒരു കലാകാരന്റെ തന്മയത്വത്തോടെ സുവിശേഷകൻ ഒരു മരുഭൂമിയുടെ ചിത്രം വരച്ച് ഒരു ഗുഹയിലേക്ക് എത്തിക്കുകയാണ്.

II. പ്രമേയം

ലോകമാസകലമുള്ള ജനങ്ങളുടെ പേരെഴുതിക്കലിൽ (കനേഷ്മാരി) ഉൾപ്പെടുന്നതാണ് യേശുവും. മാനവകുലത്തിന്റെ ഭാഗമാണ് യേശു. ഒപ്പം മനുഷ്യജീവിതം സാർവ്വത്രികത നിറഞ്ഞ് നിൽക്കുന്ന ആകാശത്തിൻ കീഴിൽ നക്ഷത്രങ്ങളെ സാക്ഷിയാക്കി പ്രപഞ്ചത്തിന്റെ തന്നെ കേന്ദ്രമായാണ് യേശു ജന്മമെടുക്കുന്നത്.

III. സന്ദേശം

1. യേശുവും, രക്ഷാകര സംഭവങ്ങളും കെട്ടുകഥയല്ല എന്നും, അത് ചരിത്രത്തിൽ സംഭവിച്ച കാര്യങ്ങളാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന വിശുദ്ധഗ്രന്ഥത്തിലെ ഏകവും അനന്യവും ആയ വിവരണമാണ് ലൂക്കാ 2:1-7 വചനങ്ങൾ. ബി.സി 27 മുതൽ എ.ഡി 14 വരെ റോമൻ ചക്രവർത്തിയായിരുന്നു അഗസ്റ്റസ് സീസർ എന്ന് ബൈബിളേതര ചരിത്രം പഠിപ്പിക്കുന്നു. ചരിത്രപരമായ ഒരാഖ്യാനശൈലിയുടെ ഉടമയായ സുവിശേഷകൻ, സീസർ, കിറീനിയൂസ്, ഹേറോദോസ് എന്നീ ചരിത്രപുരുഷന്മാരെ പശ്ചാത്തലത്തിലാക്കി രക്ഷാകരചരിത്രത്തെ മാനവചരിത്രത്തോട് കണ്ണിചേർക്കുകയാണ്. അതുകൊണ്ട്

ക്രൈസ്തവ വിശ്വാസം ആധികാരികമാണ്. മനുഷ്യജീവിതവും ചരിത്രവും ആയി ചേർന്നുപോകുന്നതാണ്.

2. അഗസ്റ്റസ് സീസറിനെ രക്ഷകൻ, സമാധാനപാലകൻ എന്നൊക്കെയാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ ഭരണകാലം സമാധാനകാലം എന്നർത്ഥം വരുന്ന Pax Augustus/ Pax Romana എന്നാണറിയപ്പെട്ടിരുന്നത്. സീസറുമായി ബന്ധിപ്പിക്കുന്നതിലൂടെ യേശു യഥാർത്ഥ രക്ഷകൻ (2:11), സമാധാനപാലകൻ (2:14,19,38) എന്നൊക്കെയുള്ള സൂചന നൽകുന്നു. സൈറസ് ഇസ്രായേൽ ജനത്തിന്റെ വിപ്രവാസത്തിൽ നിന്നുള്ള മോചനത്തിന് ദൈവത്തിന്റെ ഉപകരണമായതുപോലെ (ഏശ 44:28-45) സീസറും അദ്ദേഹത്തിന്റെ കാനേഷ്മാരി വിളമ്പരവും യേശുവിന്റെ രക്ഷാകര പദ്ധതിക്കുള്ള പശ്ചാത്തലമാവുകയായിരുന്നു. ഇന്നും ലോകത്തിൽ നടക്കുന്ന സംഭവങ്ങൾ ദൈവത്തെ കൂടുതൽ പ്രകാശനമാക്കാൻ സഹായിക്കുന്നു. ഐഎസ്ഐ ആക്രമണത്തിനിടയിലും എത്രയോ മുസ്ലീംങ്ങൾ യേശുവിനെ അറിയുന്നു; വിശ്വസിക്കുന്നു.

3. നസ്രത്തിൽ നിന്ന് ഏതാണ്ട് 146 കി.മീ തെക്കുമാറി ജറുസലെമിന് അടുത്ത് സ്ഥിതിചെയ്യുന്ന ഒരു ചെറുനഗരമാണ് ബേത്‌ലെഹെം. ദാവീദ് രാജാവിന്റെ കുടുംബനഗരിയായും, രാജ്യാഭിഷേകത്തിന്റെ വേദിയുമാണ് ബേത്‌ലെഹെം (1 സാമു 16:1-13). ദാവീദിന്റെ വംശത്തിൽപ്പെട്ടവരായിട്ടും ബേത്‌ലഹെമിൽ ഒരു ഭവനവും അവർക്കായി തുറന്നുകിട്ടിയില്ല. അങ്ങനെ ഒരു കാലിത്തൊഴുത്തിന്റെ പുൽത്തൊട്ടിയിൽ, തുറസ്സായ സ്ഥലത്ത്, സുരക്ഷിതത്വത്തിന്റെ ഒരു കവചവും ഇല്ലാതെയാണ് ദൈവപുത്രൻ ജന്മമെടുക്കുന്നത്. ലോകത്തിലെ വിവിധ കോണുകളിൽ, എത്രയോ ജനവിഭാഗങ്ങൾ ഈ അരക്ഷിതത്വത്തിൽ ജീവിക്കുന്നു. അവരോടെല്ലാം താദാത്മ്യപ്പെടാൻ തക്കവിധമാണ് യേശുവിന്റെ പിറവിയും പിന്നീട് ജീവിതവും. അതേ, മനുഷ്യാവതാരത്തിന്റെ ലക്ഷ്യം തന്നെ ലോകത്തിലെ ഏറ്റവും നിസ്സാരരായ മനുഷ്യർക്കും പ്രത്യാശ നൽകുകയായിരുന്നു. ക്രിസ്മസ് പ്രത്യാശയാണ്.

ഡോ. ജേക്കബ് മുല്ലൂർ

പ്രസംഗം

എന്റേതാകുന്ന ക്രിസ്മസ്

ക്രിസ്മസ് ആചരണത്തിനും ആഘോഷങ്ങൾക്കും ഇനിയും ഒരാഴ്ച മാത്രം. ഒരു ചരിത്രസംഭവത്തിന്റെ ഓർമ്മ നാം ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും അകമ്പടിയോടെ ആഘോഷിക്കുന്നു. ആവർത്തിക്കപ്പെടുന്ന ആചാരാനുഷ്ഠാനങ്ങളുടെ ആഘോഷത്തിമിർപ്പിൽ ചരിത്രം വഴിമാറിപ്പോകാറുണ്ട്. ലോകചരിത്രവും രക്ഷാകരചരിത്രവും എന്റെ വ്യക്തിഗത ജീവിതചരിത്രത്തെ സ്പർശിക്കാത്ത വെറും കെട്ടുകഥകളും ഐതീഹ്യങ്ങളുമായി

തീരാറുണ്ട്. ദൈവത്തിന്റെ മനുഷ്യാവതാരവും നമ്മുടെ ഓരോരുത്തരുടെയും വ്യക്തിപരമായ ജീവിതത്തിൽ അങ്ങനെ ആയിത്തീരാനുള്ള സാധ്യതയുണ്ട്. ഓണംപോലെയുള്ള ഐതീഹ്യങ്ങളും കെട്ടുകഥകളും വീരപുരാണങ്ങളും വെറും ആഘോഷങ്ങൾക്കപ്പുറം എന്റെ വ്യക്തിപരമായ ചരിത്രനിർമ്മിതിയിൽ വലിയ പങ്കുവഹിക്കണമെന്നു നിർബന്ധമില്ല. യേശുവിന്റെ ജനനത്തിരുനാളും അങ്ങനെയൊന്നായിത്തീർന്നിട്ടുണ്ടോ?

ഏതൊരു ചരിത്രസംഭവത്തിന്റെയും ഓർമ്മയാചരണത്തിൽ പതിയിരിക്കുന്ന ഈ അപകടം ലൂക്കാ സുവിശേഷകനും മുൻകൂട്ടി കണ്ടിരുന്നു. അതായത് ചരിത്രസംഭവങ്ങളെ വെറും ആഘോഷങ്ങളുടെ വിഷയമാക്കി മാറ്റി ജീവിത സ്പർശിയല്ലാത്ത കെട്ടുകഥകളാക്കി മാറ്റുന്ന മനുഷ്യന്റെ പ്രവണതയില ടങ്ങിയിരിക്കുന്ന അപകടം. അതുകൊണ്ടാണ് ദൈവത്തിന്റെ മനുഷ്യാവതാര ത്തെ ലൂക്കാ ചരിത്രവസ്തുതകളുടെ പശ്ചാത്തലവിവരണങ്ങളോടെ അവത രിപ്പിക്കുന്നത്. അതിലെ വിശദാംശങ്ങളാണ് ഇന്നത്തെ സുവിശേഷഭാഗത്ത് നാം വായിച്ചുകേട്ടത്.

ഈ വേദഭാഗം വായിച്ചുകേട്ടപ്പോഴും അതിപുരാതന കാലത്തുനടന്ന ഒരു സംഭവമായിട്ടല്ല നമുക്ക് അനുഭവപ്പെട്ടത്. ഈ ആധുനിക കാലത്ത് ജീവി ക്കുന്ന നമ്മുടെ ജീവിതവുമായി തൊട്ടുനിൽക്കുന്ന ഒരു സംഭവമായിട്ടാണ് നമുക്ക് അനുഭവപ്പെടുന്നത്.

ദൈവം മനുഷ്യനായി അവതരിച്ചു എന്നത് ഭാവിയിൽ ഐതീഹ്യങ്ങളു ടെയോ കെട്ടുകഥകളുടെയോ ഗണത്തിൽപ്പെടാതിരിക്കാൻ വളരെ ബോധപൂർവ്വ മാണ് ലൂക്കാ ചരിത്രപരമായ സംഭവങ്ങളുടെ പിൻബലത്തിൽ അതിനെ പ്രതി ഷ്ഠിക്കുന്നത്. ഏതു നാട്ടിൽ, ഏതു ഭരണാധികാരിയുടെ കാലത്ത്, ഏത് രാഷ്ട്രീയ സംഭവങ്ങൾ മൂലം, ഏത് ഭൂമിശാസ്ത്രപരമായ ചുറ്റുപാടിൽ, ഏതു വംശ കുടുംബപശ്ചാത്തലത്തിൽ തുടങ്ങിയ ചരിത്രപരമായ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന വിവരണമാണ് നാം ഇവിടെ കാണുന്നത്. ഇപ്രകാരമുള്ള വിവരണങ്ങൾമൂലം അവിശ്വസനീയമെന്ന് തോന്നാവുന്ന ദൈവത്തിന്റെ മനു ഷ്യാവതാരം മനുഷ്യചരിത്രത്തിൽ നിന്ന് അടർത്തി മാറ്റാൻ പറ്റാത്ത ഒന്നായി എന്നും നിലനിൽക്കുന്നു.

മനുഷ്യചരിത്രത്തിലുള്ള ദൈവത്തിന്റെ മുൻകാല ഇടപെടലുകൾ അമാ നുഷികമായ അത്ഭുതങ്ങൾ മാത്രമായിരുന്നു. എന്നാൽ മനുഷ്യാവതാരമാ കട്ടെ അതിനെയും അതിശയിക്കുന്ന ചരിത്രമായി മാറുന്നു. മുൻകാലങ്ങളിൽ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുകൾ മാത്രമായിരുന്നു ചരിത്രം. ഇപ്പോൾ ഇതാ ദൈവം തന്നെ ചരിത്രമായി മാറുന്നു; ദൈവം മനുഷ്യചരിത്ര ത്തിന്റെ പരിമിതികളിൽ ഒതുങ്ങുന്നു. വിവാഹിതയായ ഒരു സ്ത്രീയുടെ ഗർഭ പാത്രത്തിൽ, നസ്രത്തിലുള്ള ഒരു വീടിന്റെ ചുവരുകൾക്കുള്ളിൽ, പുരാതന മായ ദാവീദ് വംശത്തിന്റെ ജനിതക പാരമ്പര്യത്തിൽ, സീസറും ക്വിരീനിയോ

സുമൊക്കെ വാഴുന്ന രാഷ്ട്രീയ പശ്ചാത്തലത്തിൽ ഇതാ ദൈവം ചരിത്ര മായി മാറുന്നു.

ചരിത്രപരമായ വ്യക്തികളെയും സംഭവങ്ങളെയുമൊക്കെ ഐതീഹ്യങ്ങളും കെട്ടുകഥകളുമാക്കി മാറ്റാനുള്ള പ്രവണത മനുഷ്യനുണ്ട്. മനുഷ്യന്റെ ഈ പ്രവണതയക്ക് ഉദാഹരണങ്ങൾ എത്രവേണമെങ്കിലും നമുക്ക് പറയാൻ കഴിയും. മഹാത്മഗാന്ധി ഇപ്പോൾ വഴിയോരപ്രതിമയായും കറൻസി നോട്ടിന്റെയുള്ളിലെ രൂപമായും പാതകളുടെ പേരിലും മറ്റുമൊതുങ്ങുന്ന പുരാണകഥാപാത്രമായി മാറി. മഹാത്മാഗാന്ധി നമ്മുടെ വ്യക്തിപരമായ ചരിത്രത്തെ സ്വാധീനിക്കുന്ന ഒരു ചരിത്രപുരുഷനല്ലാതായി മാറി. ജീവകാരുണ്യ പ്രവർത്തനങ്ങളിലുള്ള നമ്മുടെ സമർപ്പണത്തിന് വെല്ലുവിളി ഉയർത്തുന്ന കൊൽക്കത്തയിലെ വിശുദ്ധ തെരേസയെന്ന ചരിത്ര വ്യക്തിയുടെ ജീവിതം കുറേ വീരകഥകളുടെ സുഖങ്ങളിൽ തളച്ചിടാനാണ് നമുക്ക് താൽപര്യം.

എന്തിനേറെപ്പറയുന്നു, ചരിത്രത്തിൽ പകരം വയ്ക്കാനില്ലാത്ത ദൈവത്തിന്റെ മനുഷ്യാവതാരവും അതുമായി ബന്ധപ്പെട്ട ചരിത്രസംഭവങ്ങളും ആഘോഷങ്ങൾക്ക് വിഷയമായ പഴങ്കഥകളായി മാറി. അതിന് ഏറ്റവും നല്ല ഉദാഹരണം നമ്മൾ ആചരിക്കാൻ പോകുന്ന ക്രിസ്മസുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ തന്നെയാണ്. ടിവിയിലും കലാസാംസ്ക്കാരിക വേദികളിലുമെല്ലാം നിറഞ്ഞുനിൽക്കുന്നത് വികൃതമാക്കപ്പെട്ട സാന്താക്ലോസാണ്.

നാലാം നൂറ്റാണ്ടിൽ തുർക്കിയിൽ ജീവിച്ചിരുന്ന സെന്റ് നിക്കോളാസ് എന്ന മെത്രാനെ ഏതോ പഴങ്കഥയിലെ ബഫൂൺ കഥാപാത്രമായിട്ടാണ് അവതരിപ്പിക്കുന്നത്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെട്ട ചരിത്രവിശേഷങ്ങളുടെ സ്ഥാനത്ത് വികലമാക്കപ്പെട്ട സാന്താക്ലോസ് കഥാപാത്രവും കഥകളും വന്നുകയറി. ചോക്ലേറ്റും സമ്മാനങ്ങളും വൈദ്യുത ദീപാലങ്കാരങ്ങളും ക്രിസ്മസ് ട്രീയും അവധിക്കാലവും ഷോപ്പിങ്ങും എല്ലാം കൂടി ഒരുവനെ ഭാവനാലോകത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന ഏതാനും ദിനങ്ങൾ! അതിനപ്പുറം ഒരുവന്റെ ജീവിത ദർശനങ്ങളെയും ജീവിതശൈലിയേയും വിശ്വാസജീവിതത്തെയും സ്വാധീനിക്കുന്ന ഒന്നായി ദൈവത്തിന്റെ മനുഷ്യാവതാര രഹസ്യങ്ങളുടെ ഓർമ്മയെ മാറ്റാൻ കഴിയുന്നില്ല.

ചരിത്ര വ്യക്തികളെയും സംഭവങ്ങളെയും ജീവിതബന്ധിയല്ലാത്ത കെട്ടുകഥകളും ഐതീഹ്യങ്ങളുമാക്കി മാറ്റുന്നതിലുള്ള അപകടമാണ് ഇതിൽ പതിയിരിക്കുന്നത്. മനുഷ്യചരിത്രത്തിലേക്ക് ഇറങ്ങിവന്ന് ചരിത്രമായി മാറിയ ദൈവപുത്രൻ നമ്മുടെ വ്യക്തിപരമായ ജീവിതചരിത്രത്തിന്റെ ഭാഗമായാൽ നമ്മുടെ ഇപ്പോഴത്തെ ജീവിതദർശനങ്ങളിലും ശൈലിയിലും നാം ഒത്തിരി മാറ്റം വരുത്തേണ്ടിവരും. ഈ മാറ്റത്തിന് നാം തയ്യാറല്ലാത്തതുകൊണ്ട് കഥകളുടെ ഭാവനയിലും സുഖങ്ങളിലും ജീവിക്കുന്നതാണ് നമുക്കിഷ്ടം. ഇതൊരു ഒളിച്ചോട്ടമാണ്. ദൈവം മനുഷ്യനായി മനുഷ്യചരിത്രത്തിന്റെ ഭാഗമായത് എന്തിനു

വേണ്ടിയാണോ അതിൽനിന്നുള്ള നമ്മുടെ ഒളിച്ചോട്ടം.

എന്റെ വ്യക്തിപരമായ ജീവിതചരിത്രം ഞാൻതന്നെയാണ് രചിക്കുന്നത്. ഈ ചരിത്ര രചനയിൽ നമ്മെ സഹായിക്കാനാണ് ദൈവം മനുഷ്യനായി അവതരിക്കുന്നത്. അതിനായി ദൈവംപോലും മനുഷ്യചരിത്രത്തിന്റെ പരിമിതികളിലേക്ക് ഇറങ്ങി വരുന്നു. ഗലീലിയായും യൂദയായും നസ്രത്തും ബേത്‌ലെഹെമും അഗസ്റ്റസ് സീസറും കിരീനിയോസും പേരെഴുതിക്കലും അതിനായി പോകുന്ന ജോസഫും ഗർഭണിയായ ഭാര്യ മറിയവും എല്ലാം ഉൾപ്പെടുന്ന പച്ചയായ ജീവിത ചരിത്രസംഭവങ്ങളുടെ ഭാഗമായിത്തീരുകയാണ് മനുഷ്യപുത്രൻ. ചരിത്രത്തിൽ ജീവിക്കുന്ന ഈ മനുഷ്യപുത്രനെയാണ് നാം ക്രിസ്മസിന് വരവേൽക്കാൻ പോകുന്നത്. അല്ലാതെ കെട്ടുകഥകളിലെയോ ഐതിഹങ്ങളിലെയോ അമാനുഷിക വീരകഥാപാത്രത്തെയല്ല. നമ്മുടെ വ്യക്തിപരമായ ജീവിതചരിത്രത്തെ സ്പർശിക്കാനാണ് ദൈവം മനുഷ്യന്റെ പരിമിതികളിലേക്ക് ഇറങ്ങിവരുന്നത്. അതുകൊണ്ട് ദൈവത്തിന്റെ മനുഷ്യാവതാരചരിത്രം നമ്മുടെ ജീവിതചരിത്രത്തിന്റെയും ജീവിതചര്യയുടെയും ഭാഗമാക്കി മാറ്റാം. എല്ലാത്തിലുമുപരി ക്രിസ്തു എന്റെ വ്യക്തിജീവിതത്തിന്റെ ഭാഗമാകുമ്പോഴാണ്, ക്രിസ്മസ് എനിക്ക് എന്റേതാണ് എന്ന അനുഭവം ഉണ്ടാകൂ.

ഫാ. ജോർജ് അയ്യനേത്ത് ഒഐസി